**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2835** **10-03-2025 - ൽ മറുപടിയ്ക്ക്**

**വനസംരക്ഷണത്തിനായി കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ച തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനവൽക്കരണത്തിനും വനസംരക്ഷണത്തിനുമായി കേന്ദ്ര സർക്കാരിൽ നിന്ന് 2022-23, 2023-24 വർഷങ്ങളിൽ ലഭിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ; | (എ) | വനവൽക്കരണത്തിനും വനസംരക്ഷണത്തിനുമായി കേന്ദ്ര സർക്കാരിൽ നിന്നും 2022-23, 2023-24 വർഷങ്ങളിൽ ലഭിച്ച തുക സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത തുക പൂർണ്ണമായും ചെലവാക്കാൻ കഴിയാത്തതിന്റെ കാരണങ്ങൾ വ്യക്തമാക്കാമോ; | (ബി) | കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കുന്ന തുക ഏതാണ്ട് പൂർണ്ണമായും ചെലവാക്കാൻ കഴിയുന്നുണ്ട്. ചില കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ഒരു സാമ്പത്തിക വർഷത്തിന്റെ അവസാന പാദത്തിൽ അനുവദിക്കപ്പെടുന്ന തുക അതേ സാമ്പത്തിക വർഷം ചെലവഴിക്കാൻ സാധിക്കാതെ വരുന്ന പക്ഷം തൊട്ടടുത്ത സാമ്പത്തിക വർഷത്തിൽ തുക ചെലവഴിച്ച് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് കേന്ദ്ര സർക്കാരിലേയ്ക്ക് സമർപ്പിച്ചുവരുന്നു. |
| (സി) | ഈ തുകയിൽ നാളിതുവരെ ചെലവഴിച്ചതെത്രയെന്നും ഇതുവഴി വനവിസ്തൃതിയിൽ വർദ്ധനവ് വരുത്താൻ കഴിഞ്ഞിട്ടുണ്ടോയെന്നും അറിയിക്കാമോ; | (സി) | 2022-23 വർഷം മുതൽ 2025 ഫെബ്രുവരി വരെയുള്ള കാലയളവിൽ കേന്ദ്രസർക്കാരിൽ നിന്നും 5620.46 ലക്ഷം രൂപ ലഭ്യമാകുകയും മുൻ വർഷം ലഭിച്ച തുകയിൽ അവശേഷിച്ചതടക്കം 5846.66 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ടി തുക ഉപയോഗിച്ച് വനവിസ്തൃതിയിൽ വർദ്ധനവ് വരുത്തുന്നതിനുള്ള പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല. |
| (ഡി) | വനവിസ്തൃതി വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം കർമ്മ പദ്ധതികൾ രൂപീകരിക്കാനാണ് തീരുമാനിച്ചിരിക്കുന്നത്? | (ഡി) | വനവിസ്തൃതി വർദ്ധിപ്പിക്കുന്നതിനുള്ള പ്രത്യേക കർമ്മ പദ്ധതികൾ നിലവിൽ രൂപീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക്
ലഭിച്ചിട്ടുള്ള കേന്ദ്രവിഹിതവും ആയതിന്റെ ചെലവും സംബന്ധിച്ച പട്ടിക

*(തുക ലക്ഷം രൂപയിൽ)*

| Sl. No | Name of the Scheme | Central Assistance | | |
|---|---|---|---|---|
| | | Received | Expenditure | Remarks |
| **2022-23** | | | | |
| 1 a | Integrated Development of Wildlife Habitats (IDWH) | 185.60 | 185.60 | |
| 1 b | IDWH - Nilgiri Tahr | 27.94 | 27.94 | |
| 1 c | IDWH - Vulture | 10.58 | 10.57 | |
| 1 e | IDWH - Outside Protected Area | 91.31 | 89.32 | |

| | | | | |
|---|---|---|---|---|
| 2 | Project Elephant | 319.33 | 311.27 | |
| 3 a | Project Tiger-Periyar | 237.96 | 237.96 | |
| 3 b | Project Tiger-Parambikulam | 190.70 | 190.70 | |
| 5 | Agasthyamala Biosphere Reserve | 53.54 | 52.69 | |
| 6 | Fire Prevention and Management Scheme | 480.86 | 205.94 | 273.61 ലക്ഷം രൂപ സാമ്പത്തിക വർഷത്തിന്റെ അവസാനമാണ് ലഭ്യമായത്. ടി തുക 2022-23 സാമ്പത്തിക വർഷത്തിൽ റീവാലിഡേറ്റ് ചെയ്തു ഉപയോഗിച്ചു. |
| 7 | Management Action Plan for Conservation and Management of Mangroves in Vembanad and Kannur Regions | 25.14 | 25.14 | |
| 8 | Green India Mission | - | 437.42 | തൻ വർഷം APO അംഗീകരിച്ചുവെങ്കിലും കേന്ദ്ര വിഹിതമായി തുകയൊന്നും ലഭിച്ചിട്ടില്ല. |
| 9 | Nagar Van Yojana | - | 80.76 | പദ്ധതിക്ക് കീഴിൽ ഒന്നാം ഗഡുവായി ആകെ ലഭിച്ച തുകയിൽ നിന്നും 700.40 ലക്ഷം രൂപ 2022-23 സാമ്പത്തിക വർഷം മുതൽ നാളിതുവരെ |

| | | | | |
|---|---|---|---|---|
| | | | | ചിലവഴിച്ചിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷത്തേക്കുള്ള APO കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ് |
| 10 | School Nursery Yojana | 32.90 | - | പദ്ധതിക്ക് കീഴിൽ ഒന്നാം ഗഡുവായി ലഭിച്ച 32.90 ലക്ഷം രൂപ പൂർണ്ണമായും 2023-24 സാമ്പത്തിക വർഷത്തിൽ ചിലവഴിച്ച് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റും, പ്രോഗ്രസ്സ് റിപ്പോർട്ടും കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. രണ്ടാം ഗഡു ലഭിച്ചിട്ടില്ല. |
| 11 | MSP for MFP | - | 17.48 | 607.52 ലക്ഷം രൂപയുടെ APO സമർപ്പിച്ചുവെങ്കിലും തൻ വർഷം ടി APO അംഗീകരിച്ചിട്ടില്ല |
| 12 | PMJVM VDVK | - | 78.32 | 2021-22 സാമ്പത്തിക വർഷത്തിൽ ലഭിച്ച 201.125 ലക്ഷം രൂപ 2021-22 സാമ്പത്തിക വർഷം മുതൽ 2023-24 സാമ്പത്തിക വർഷത്തോടെ പൂർണ്ണമായും ചിലവഴിച്ചിട്ടുള്ളതാണ്. പദ്ധതിക്ക് കീഴിൽ രണ്ടാം ഗഡു ലഭിച്ചിട്ടില്ല |
| **2023-24** | | | | |
| 1 a | Integrated Development of Wildlife Habitats (IDWH) | 246.93 | 246.87 | |
| 1 b | IDWH - Nilgiri Tahr | 9.75 | 9.75 | |

| | | | | |
|---|---|---|---|---|
| 1 c | IDWH - Vulture | 8.32 | 8.32 | |
| 1 d | IDWH - Wayanad Relocation | 553.50 | 553.50 | |
| 1 e | IDWH - Outside Protected Area | 104.54 | 104.54 | |
| 2 | Project Elephant | 350.97 | 331.28 | |
| 3 a | Project Tiger-Periyar | 352.59 | 329.08 | |
| 3 b | Project Tiger-Parambikulam | 300.72 | 280.67 | |
| 5 | Agasthyamala Biosphere Reserve | 44.36 | 43.86 | |
| 6 | Fire Prevention and Management Scheme | 630.11 | 622.05 | |
| 7 | Nagar Van Yojana | - | 339.68 | പദ്ധതിക്ക് കീഴിൽ ഒന്നാം ഗഡുവായി ആകെ ലഭിച്ച തുകയിൽ നിന്നും 700.40 ലക്ഷം രൂപ 2022-23 സാമ്പത്തിക വർഷം മുതൽ നാളിതുവരെ ചിലവഴിച്ചിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷത്തേക്കുള്ള APO കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ് |

| | | | | |
|---|---|---|---|---|
| 8 | School Nursery Yojana | - | 32.90 | 2022–23 സാമ്പത്തിക വർഷത്തിൽ ലഭിച്ച 32.90 ലക്ഷം രൂപ പൂർണ്ണമായും 2023–24 സാമ്പത്തിക വർഷത്തിൽ ചെലവഴിച്ച് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടുള്ളതാണ്. 2024-25 സാമ്പത്തിക വർഷത്തേക്കുള്ള APO കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്. |
| 9 | PMJVM VDVK | - | 83.16 | 2021-22 സാമ്പത്തിക വർഷത്തിൽ ലഭിച്ച 201.125 ലക്ഷം രൂപ 2021-22 സാമ്പത്തിക വർഷം മുതൽ 2023-24 സാമ്പത്തിക വർഷത്തോടെ പൂർണ്ണമായും ചിലവഴിച്ചിട്ടുള്ളതാണ്. പദ്ധതിക്ക് കീഴിൽ രണ്ടാം ഗഡു ലഭിച്ചിട്ടില്ല |
| 10 | PMJANMAM VDVK (PVTG VDVK) | 10.825 | - | |